**D 103710** **(Pages : 2)** **Name.......................................**

**Reg. No...................................**

# SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2024

B.A./B.Sc.

Malayalam

MAL 2A 08(1)—MALAYALA SAHITHYAM – 2

(2019–2023 Admissions)

Time : Two Hours and a Half Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.

1 "ആ വിശുദ്ധമാം മുഗ്ധ-പുഷ്പത്തെക്കണ്ടില്ലെങ്കിൽ !
അ വിധം പരസ്പരം സ്നേഹിക്കാതിരുന്നെങ്കിൽ"
–സന്ദർഭം എന്ത് ?

2 അംബ ഭീഷ്മരോട് പ്രതികാരം ചെയ്തത് എങ്ങനെ ?

3 "ഏഴോ എഴുപതോ ഏഴായിരമോ
അതിൽ നിറഭേദങ്ങൾ ?"
–വിവക്ഷിതമെന്ത് ?

4 "സ്ഥിരമില്ലാത്ത ലോകത്തിലെന്തിനായ്
ചിരവിരഹി ഞാൻ മേലിലും കേഴണം.
–ആരുടെ വിലാപമാണിത് ?

5 "തൂവിതൂവി മധുരം വഴിയും തെന്നലിനോടും സൂതകുമാരൻ ചോദിച്ചു "–എന്താണ് ചോദിച്ചത് ?

6 'നളിനി' എന്ന കൃതിയുടെ മറ്റൊരു പേര് എന്ത് ? അതിന്റെ ഔചിത്യമെന്ത് ?

7 "നെഞ്ചിൽ ഉരുവിടും ചൊല്ലുകൾ തെറ്റാതെ
നിന്റെ വിരലിനറ്റങ്ങൾ മുഴക്കുക"
–സന്ദർഭം എന്ത് ?

8 "ചാരമാമെന്നെ കർമ്മകാണ്ഡങ്ങളിൽ ധീരനാക്കുന്നതെന്തൊക്കെയാണെന്നോ ? സന്ദർഭം ?

9 "ജീവിത ദുഃഖത്തിന്റെ കരയിൽ ഒറ്റയ്ക്ക് കുടിലും കെട്ടിപ്പാർത്ത ഈ മനുഷ്യനായിരുന്നു മലയാള സാഹിത്യത്തിലെ ആദ്യത്തെ കാല്പനികവാദിയായ അന്യൻ (romantic outsider) ആര് ആരെക്കുറിച്ച് പറയുന്നതാണിത് ?

**Turn over**

10 “ആശാനും വൈലോപ്പിള്ളിക്കും ഇടശ്ശേരിക്കും അക്കിത്തത്തിനും ഒപ്പം പരിഗണന അർഹിക്കുന്നുണ്ട് ബാലാമണിയമ്മ”. ആരുടെ അഭിപ്രായമാണിത് ?

11 “കൃത്യമായി പറഞ്ഞാൽ നൂറ്റിപ്പത്ത് വർഷത്തെ ചരിത്രമുണ്ട് മലയാള നോവലിന്. ആര് എവിടെ പരാമർശിക്കുന്നതാണ് ഇപ്രകാരം ?

12 “ചിത്തമാം വലിയ വൈരി കീഴമർ-

ന്നത്തൽ തീർന്നയമി തന്നെ ഭാഗ്യവാൻ”. ആര് ?

13 ദുഷ്യന്തന്റെ രക്ഷയ്ക്ക് കാളിദാസൻ നിയോഗിച്ചത് ആരെ ?

14 വിടരാനിരിക്കുന്ന പൂവുകളോട് കവി പറയുന്ന കഥ എന്താണ് ?

15 “മറവി തന്നിൽ മറഞ്ഞു മനസ്സാലെൻ

മരണഭേരിയടിക്കും സഖാക്കളേ !”ഏത് ?

(25 marks)

II. ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.

16 പ്രതീകങ്ങളിലൂടെ സ്നേഹത്തിന്റെ സവിശേഷ അർത്ഥങ്ങൾ വെളിപ്പെടുത്തുന്ന കവിതയാണോ സൂര്യകാന്തി ? വ്യക്തമാക്കുക.

17 മണിനാദം ആത്മകഥാംശമുള്ള കവിതയാണോ ? പരിശോധിക്കുക.

18 വൈരുദ്ധ്യങ്ങ ളുടേതായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ കേരളീയ സാമൂഹിക രംഗം. എന്തു കൊണ്ട് ?

19 മഴുവിന്റെ കഥയിലെ ഊർജ്ജസ്രോതസ്സ് പുരാവൃത്തമാണ്. പരിശോധിക്കുക.

20 പരശുരാമനും ശിഷ്യനും ചേർന്ന് അംബയ്ക്ക് ഭീഷ്മരോട് ഉള്ള പക ആളി കത്തിയ്ക്കുകയാണ് ചെയ്തത്. ഇതിന് മാരാർ കണ്ടെത്തുന്ന കാരണമെന്ത് ?

21 മാതൃത്വത്തിന്റെ മഹനീയതയെ എങ്ങനെയൊക്കെ ആദരിക്കാം എന്നാണ് ‘അമ്മയെ കുളിപ്പിക്കുമ്പോൾ’ എന്ന കവിത പഠിപ്പിക്കുന്നത് ?

22 ആശാൻ കവിതയിലെ ചിന്താധീരത നളിനിയിൽ കണ്ടെത്താനാകുമോ ?

23 പുത്തൻചൊല്ല് എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

(35 marks)

III. ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. പരമാവധി 20 മാർക്ക്.

24 ആധുനിക മലയാള കവിതയുടെ പ്രത്യേകതകൾ പാഠഭാഗങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.

25 കുട്ടികൃഷ്ണ മാരാർ, ജോസഫ് മുണ്ടശ്ശേരി എന്നിവർ മലയാള ഗദ്യത്തെ ഏതൊക്കെ തരത്തിൽ യുക്ത്യധിഷ്ഠിതമാക്കി ?

26 ആശാന്റെ കാല്പനികതയിൽ നിന്നും ഇടപ്പള്ളിയിലേക്ക് എത്തുമ്പോൾ മലയാള കവിതയുടെ ഭാവ പരിണാമം എങ്ങനെ അടയാളപ്പെടുത്താം ?

27 സാവിത്രി രാജീവൻ, കൽപ്പറ്റ നാരായണൻ എന്നിവർ സ്ത്രീ അവസ്ഥകളെ വീണ്ടെടുക്കുന്നത് എങ്ങനെ ?

(2 × 10 = 20 mrks)